ഗവ: എസ്.എൻ.ഡി.പി.എൽ പി സ്കൂൾ

ചേന്നംകരി

മങ്കൊമ്പ് സബ് ജില്ല

ആലപ്പുഴ - 688501

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# ഗവ: എസ്.എൻ.ഡി.പി എൽ.പി സ്കൂൾ, ചേന്നം കരി

സ്കൂളിന്റെ പേര് : ഗവ: എസ്.എൻ.ഡി.പി സ്കൂൾ ചേന്നംകരി

സ്ഥാപിതം :

പഞ്ചായത്ത് : കൈനകരി

വില്ലേജ് : കൈനകരി തെക്ക് വില്ലേജ്

ബ്ലോക്ക് : ചമ്പക്കുളം

ജില്ല : ആലപ്പുഴ

ബി.ആർ.സി : മങ്കൊമ്പ്

സബ് ജില്ല : മങ്കൊമ്പ്

വിദ്യാഭ്യാസ ജില്ല : കുട്ടനാട്

ഇ-മെയിൽ : gsndplpsc46203@gmail.com

പ്രധാനാധ്യാപിക : സുജ ഫിലിപ്പ്

മൊബൈൽ നമ്പർ : 9400564496

# അനുബന്ധ സംവിധാനങ്ങൾ

## 1. എസ്.ആർ.ജി

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് തലത്തിൽ പഠനപ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും ചർച്ച ചെയ്ത് ആസൂത്രണം നടത്തിവരുന്നു. ഭാഷാപഠനത്തിനും ഗണിതപഠനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താറുണ്ട്.

## 2. പി.ടി.എ

എല്ലാ മാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. പി.ടി.എ/മദർ പി.ടി.എ യോഗങ്ങൾ ഒരുമിച്ച് ചേരാറാണ് പതിവ്. ഉച്ചഭക്ഷണം, പാഠ്യേതര പ്രവർത്തനങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ചർച്ച ചെയ്യുന്നു. വർഷത്തിൽ 3ൽ കൂടുതൽ തവണ ജനറൽ ബോഡി വിളിച്ചു ചേർക്കാറുണ്ട്.

## 3. ക്ലബ്ബ് പ്രവർത്തനങ്ങൾ

വിഷയങ്ങളുമായി ബന്ധപ്പെട്ടതും പൊതുവായതുമായ എല്ലാ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ഓരോ ക്ലബ്ബുകളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ അതാത് ക്ലബ്ബുകൾ കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെ നടത്തുന്നു. മേളകളിലും സജീവ സാന്നിദ്ധ്യം ഉണ്ടാകാറുണ്ട്.

## 4. ലൈബ്രറി

'പുസ്തകച്ചങ്ങാതി' എന്ന പേരിൽ ക്ലാസ് ലൈബ്രറികൾ എല്ലാ ക്ലാസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഹൈസ്കൂളിലെ

ഉത്തരവാദിത്വത്തിൽ കുട്ടികളുടെ ലൈബ്രറിയും പ്രവർത്തിക്കുന്നു. കുട്ടികൾ തയ്യാറാക്കുന്ന വായനാകുറിപ്പുകൾ അതാത് ക്ലാസിലെ വായന ഗ്യാലറിയിൽ പ്രദർശിപ്പിക്കുകയും വായനാകുറിപ്പുകളുടെ പതിപ്പുകൾ തയ്യാറാക്കുകയും ചെയ്യാറുണ്ട്.

5. കമ്പ്യൂട്ടർ പരിജ്ഞാനം

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. അതാത് ക്ലാസ് ചുമതലയുള്ള അധ്യാപകർ തന്നെയാണ് കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നത്. കമ്പ്യൂട്ടറുകളുടെ എണ്ണക്കുറവ് പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

6. അറിവരങ്ങ് - ക്വിസ് മത്സരം

പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ചോദ്യോത്തരങ്ങൾ എല്ലാ ആഴ്ചയിലും കുട്ടികൾക്ക് നൽകുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ക്വിസ് മത്സരവിജയികൾക്ക് സ്കൂൾ വാർഷികത്തിൽ സമ്മാനങ്ങൾ നൽകാറുണ്ട്.

7. സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലി ആഴ്ചയിൽ 2 ദിവസം നടത്താറുണ്ട്. പത്രവായന, മികച്ച ഡയറികുറിപ്പ്, ദിനാചരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. കുട്ടികളുടെ ജന്മദിനാഘോഷത്തിന് 'എന്റെ പിറന്നാൾ സമ്മാനം' എന്ന രീതിയിൽ പച്ചക്കറികൾ, പൂച്ചെടികൾ നൽകുന്ന പദ്ധതിയും നടന്നുവരുന്നു

## ഐ.ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് ഉപയോഗയോഗ്യം | ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡെസ്ക്ടോപ്പ് | - | - |
| കമ്പ്യൂട്ടർ - ലാപ്ടോപ്പ് | 3 | 3 |
| പ്രൊജക്ടർ - എൽ.ഇ.ഡി | 2 | 2 |
| റേഡിയോ | - | - |
| ടെലിവിഷൻ | 1 | 2 |
| ഇന്റർനെറ്റ് | ലഭ്യമാണ് | - |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല | 4 |

# ഭൗതികാന്തരീക്ഷം

## വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
| --- | --- | --- |
| ടോയ്‌ലറ്റ് | 4 | ആവശ്യമില്ല. |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | " |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | " |
| ചുറ്റുമതിൽ | ഇല്ല | ഉറപ്പുള്ളതും ആകർഷകവുമായ ചുറ്റുമതിൽ ആവശ്യമാണ്. |
| അടുക്കള | ഉണ്ട് | ആവശ്യമില്ല. |
| വാഷിങ് ഏരിയ | ഇല്ല | കുട്ടികൾക്ക് സൗകര്യപ്രദമായ വാഷിങ് ഏരിയ ആവശ്യമാണ് |
| നടപ്പാത | ഇല്ല | വെള്ളം നനയാതെ ക്ലാസ് റൂമിലേയ്ക്കും ടോയ്‌ലറ്റിലും പോകുന്നതിന്. |

# വിദ്യാലയം - പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ലനിലവാരം പുലർത്തുന്നവരല്ല. കാർഷികമേഖല, മത്സ്യബന്ധനം കൂലിപ്പണി എന്നിവയിലാണ് കൂടുതൽ രക്ഷിതാക്കളും. വിദ്യാലയ പ്രവർത്തനങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും തൽപ്പരരാണ്. വിദ്യാലയവുമായി ഏതവസരത്തിലും ബന്ധപ്പെടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരം ഉണ്ട്. അതുകൊണ്ടു തന്നെ വിദ്യാലയവും രക്ഷിതാക്കളും തമ്മിൽ നല്ല സൗഹൃദബന്ധം കാത്തുസൂക്ഷിക്കുന്നു.

## നിലവിലെ നേട്ടങ്ങൾ

നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഓരോ വർഷവും ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്രഗണിതശാസ്ത്ര മേളകളിലെ പ്രകടനം, കലോത്സവങ്ങളിലെ മികവ്, LSS പരീക്ഷകളിൽ കുട്ടികൾ കൈവരിച്ച മികവ് എന്നിവ എടുത്തുപറയേണ്ടവയാണ്.

## പോരായ്മകൾ

ഈ വിദ്യാലയം ഭൗതിക സൗകര്യങ്ങളിൽ ഏറെ പരിമിതികൾ അനുഭവിക്കുന്നു. അദ്ധ്യയന വർഷം മുഴുവൻ വെള്ളം കേറിക്കിടക്കുന്ന

സ്കൂൾ ഗ്രൗണ്ട് ഈ സ്കൂൾ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതമാണ്. ഇരിപ്പിടങ്ങൾ കൂടുതൽ വേണം, ഭക്ഷണം ഇരുന്നു കഴിക്കാനുള്ള സൗകര്യം, ലൈബ്രറി റൂം എന്നിവ സജ്ജീകരിക്കേണ്ടതുണ്ട്.

## ഭൗതികാന്തരീക്ഷം - വിശകലനക്കുറിപ്പ്

### 1. ക്ലാസ്മുറി

നിലവിൽ ക്ലാസുകൾ നടത്തുന്നതിന് 4 ക്ലാസ് മുറികളും ഓഫീസുമടങ്ങുന്ന നല്ലൊരു കെട്ടിടവുണ്ട്.

### 2. ടോയ്‌ലെറ്റ്

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ടൈൽ പതിച്ച 4 ടോയ്‌ലെറ്റുകൾ ഉണ്ട്.

### 3. ചുറ്റുമതിൽ

നിലവിലെ ചുറ്റുമതിൽ ശോചനീയാവസ്ഥയിൽ വളരെ താഴ്ന്ന നിലയിൽ സ്ഥിതിചെയ്യുന്നു. പുതിയ ചുറ്റുമതിൽ കെട്ടി ആകർഷകമായ ചിത്രങ്ങൾ വരച്ച് മെച്ചപ്പെടുത്തേണ്ടതുണ്ട്.

### 4. കളിസ്ഥലം

അധ്യയന വർഷം മുഴുവൻ വെള്ളം കെട്ടിക്കിടക്കുന്ന സ്കൂൾ ഗ്രൗണ്ടാണ് നിലവിലുള്ളത്. ഗ്രൗണ്ട് മണ്ണിട്ടുയർത്തിയാൽ മാത്രമേ കുട്ടികളുടെ കളിസ്ഥലം എന്ന സ്വപ്നം യാഥാർത്ഥ്യമാകുകയുള്ളൂ.

## 5. സ്റ്റേജ്, മീറ്റിംഗ് ഹാൾ

ആധുനിക രീതിയിലുള്ള ഒരു സ്റ്റേജും അതിനോടനുബന്ധിച്ച് ഒരു ഓപ്പൺ ഓഡിറ്റോറിയവും നിർമ്മിക്കേണ്ടതുണ്ട്. ഇത് നമുക്ക് അസംബ്ലി ഹാളായും ഉപയോഗിക്കാവുന്നതാണ്.

## 6. ഹരിത വിദ്യാലയം

ജൈവ കൃഷിയിൽ താത്പര്യം വളർത്തുന്നതിനായി ചെടികളും പച്ചക്കറികളും നടേണ്ടതാണ്. എന്നാൽ വർഷം മുഴുവൻ വെള്ളം കെട്ടികിടക്കുന്ന വിദ്യാലയവും പരിസരവും മണ്ണിട്ടുയർത്തിയാലേ ഹരിത വിദ്യാലയമെന്ന ഞങ്ങളുടെ സ്വപ്നം പൂർത്തിയാകയുള്ളൂ.

## 7. ചിൽഡ്രൻസ് പാർക്ക്

കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളിയുപകരണങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചിൽഡ്രൻസ് പാർക്കും വാൾ ഗാർഡനും നിർമ്മിക്കേണ്ടതായിട്ടുണ്ട്.

# പൊതുപ്രവർത്തനങ്ങൾ

## പദ്ധതികൾ

### 1. പിന്നോക്കക്കാർക്കുള്ള അധിക പരിശീലനം

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1. അടിസ്ഥാന ശേഷി പരിശോധന | 2, 3, 4 ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികളെ അടിസ്ഥാനമാക്കി പ്രീടെസ്റ്റ്<br>പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ - സ്കൂൾ തല ക്രോഡീകരണം. | ജൂൺ 2-ാം വാരം<br>S.R.G | ക്ലാസ് ടീച്ചർ | |
| 2. മൊഡ്യൂൾ തയ്യാറാക്കൽ | പഠന പാക്കേജും വർക്ക് ഷീറ്റുകളും തയ്യാറാക്കൽ | | | |
| 3. രക്ഷിതാക്കളുടെ യോഗം | മുഴുവൻ കുട്ടികളുടെയും രക്ഷിതാക്കളെ വിളിച്ച് യോഗം കൂടി പദ്ധതി വിശദീകരിക്കുക. | ജൂൺ 4-ാം വാരം | HM ക്ലാസ് ടീച്ചർ | |
| 4. അധിക സമയ പരിശീലനം | ആഴ്ചയിൽ എല്ലാ ദിവസവും ½ മണിക്കൂർ അധിക പരിശീലനം | ജൂലൈ ആദ്യ വാരം | | |
| 5. പരിശീലനം വിലയിരുത്തൽ | കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തണം. | ആഗസ്റ്റ് | | |
| 6. തുടർ പ്രവർത്തനങ്ങൾ | അടിസ്ഥാനശേഷി നേടിയ കുട്ടികൾക്കായി തുടർ പ്രവർത്തന പാക്കേജ് രൂപപ്പെടുത്തൽ | ജനുവരി- മാർച്ച് | | |

ഉദ്ദേശ്യം : ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കാൻ

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠന നിലവാരം കണ്ടെത്തൽ | പ്രീടെസ്റ്റ് നടത്തി മികവും പരിമിതിയും കണ്ടെത്തുന്നു. | ഒക്ടോബർ ആദ്യവാരം | അധ്യാപകർ | |
| | പരിമിതികൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തന പാക്കേജ് | ഒക്ടോബർ രണ്ടാംവാരം | | |
| ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | ജൂൺ - മാർച്ച് | | |
| റീഡിംഗ് കോർണർ | ക്ലാസ് ലൈബ്രറികളിൽ ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കുന്നു. | " | | |
| പതിപ്പ് നിർമ്മാണം | ഇംഗ്ലീഷ് രചനകൾ ഉൾപ്പെടുത്തി പതിപ്പ് നിർമ്മാണം | " | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | വർഷാവസാനം കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ ശേഷി വികസിപ്പിക്കുന്നതിനാവശ്യമായ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | | |

## ലൈബ്രറി ശാക്തീകരണം

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി ഒരുക്കൽ | പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ<br>പുസ്തക ശേഖരണം | ജൂൺ രണ്ടാംവാരം | SRG | |
| മോണിറ്ററിംഗ് | ക്ലാസ് ലൈബ്രറി / സ്കൂൾ ലൈബ്രറി, വിതരണ രജിസ്റ്റർ വായനക്കുറിപ്പ് എന്നിവ മാസത്തിലൊരിക്കൽ പരിശോധിക്കൽ മികച്ച കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | | |
| ആസ്വാദന കുറിപ്പ് | ഒരു ടേമിൽ രണ്ട്പ്രാവശ്യം ക്ലാസ്തല കുറിപ്പുകളുടെ പതിപ്പ് തയ്യാറാക്കൽ | ജൂൺ-മാർച്ച് | | |
| വായനക്കുറിപ്പ് പതിപ്പ് | സ്കൂൾതല വായനപതിപ്പ് തയ്യാറാക്കലും മികച്ച വായനക്കാരെ കണ്ടെത്തലും | ഫെബ്രുവരി | | |
| പുസ്തക പരിചയം | ആഴ്ചയിൽ ഒരു തവണ അധ്യാപകർ പുസ്തകപരിചയം നടത്തൽ | ജൂൺ-മാർച്ച് | | |

# ഗവ: എസ്.എൻ.ഡി.പി എൽ.പി സ്കൂൾ, ചേന്നംകരി

സ്കൂളിന്റെ പേര് : ഗവ: എസ്.എൻ.ഡി.പി സ്കൂൾ ചേന്നംകരി

സ്ഥാപിതം :

പഞ്ചായത്ത് : കൈനകരി

വില്ലേജ് : കൈനകരി തെക്ക് വില്ലേജ്

ബ്ലോക്ക് : ചമ്പക്കുളം

ജില്ല : ആലപ്പുഴ

ബി.ആർ.സി : മങ്കൊമ്പ്

സബ് ജില്ല : മങ്കൊമ്പ്

വിദ്യാഭ്യാസ ജില്ല : കുട്ടനാട്

ഇ-മെയിൽ : gsndplpsc46203@gmail.com

പ്രധാനാധ്യാപിക : സുജ ഫിലിപ്പ്

മൊബൈൽ നമ്പർ : 9400564496